LIBRARY ARCHIVES Kerala Legislative Assembly

വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ ജോലി സമയം (ഷിഫ്റ്റ് സമ്പ്രദായം) സംബന്ധിച്ച് വ്യവസായബന്ധ സമിതി ചർച്ച ചെയ്തു വരികയാണ്. തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഒരു സമവായത്തിലെത്തി ഇക്കാര്യം നടപ്പിലാക്കാനാണ് സമിതി ശ്രമിക്കുന്നത്. കൂടാതെ ഈ രംഗത്ത് നടക്കുന്ന മറ്റ് തൊഴിൽ ചൂഷണങ്ങളും തൊഴിൽ നിയമ ലംഘനങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ സമിതി ശ്രദ്ധിക്കുന്നുണ്ട്. സമിതിയുടെ ഇത്തരം ഇടപെടലുകളും തീരുമാനങ്ങളും സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിൽ സമാധാനം നിലനിർത്തുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും പ്രതിസന്ധി ഉണ്ടായാൽ പരിഹരിക്കുന്നതിനും വലിയ തോതിൽ പങ്കുവഹിക്കുന്നുണ്ട്.

നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച തർക്കം ഉയർന്നുവന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ വ്യവസായബന്ധ സമിതിയെ തന്നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് വ്യവസായബന്ധസമിതി ചർച്ചകൾ നടത്തി വരികയാണ്. തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളെ രമ്യതയിൽ എത്തിച്ച് ഈ പ്രശ്നം പരിഹരിക്കാനാണ് ഇപ്പോൾ സമിതി പരിശ്രമിക്കുന്നത്. തുടർന്ന് നഴ്സിംഗ് ടെയിനികൾക്ക് സ്റ്റൈപ്പന്റ് നിശ്ചയിക്കുന്നതിനും സമിതി മുൻകൈയെടുത്തു. ഈ രീതിയിൽ ആശുപത്രി വ്യവസായ രംഗത്ത് ആശാവഹമായ പ്രവർത്തനങ്ങളാണ് സമിതി കാഴ്ച വയ്ക്കുന്നത്.

വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി

190 (2399) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മാസ്റ്റർ ബിരുദം നേടുന്നതിനായി ഗ്രൂപ്പെടുത്തി വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിനായി 2013-14 , 2014-15 ബഡ്ജറ്റുകളിൽ എത്ര തുക വീതം ഉൾപ്പെടുത്തി; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക = 2,00,00,000 രൂപ

ചെലവഴിച്ച തുക = 2,68,174 രൂപ

(ബി) 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക = 2,00,00,000 രൂപ

ചെലവഴിച്ച തുക = 64,00,499 രൂപ

വിവാഹ ധനസഹായം

191 (2400) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതിപിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്നു വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു വ്യക്തിക്ക് 50,000 രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ടി പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000 രൂപ ധനസഹായമായി നൽകിയിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു. ഇപ്പോൾ വാർഷിക വരുമാന പരിധി 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന തുക അപര്യാപ്തമാണെന്ന് കണ്ടതിനാലാണ് ധനസഹായ തുക വർദ്ധിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly